## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7768 15-07-2014 ന് മറുപടിയ്ക്ക്**

**നെല്ലിയാമ്പതിയിലെ വനഭൂമിയും തോട്ടങ്ങളും വീണ്ടെടുക്കാനുള്ള നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എ. കെ. ബാലൻ**<br>**ശ്രീ.വി. ചെന്താമരാക്ഷൻ**<br>**ശ്രീമതി. കെ.എസ്. സലീഖ**<br>**ശ്രീ. കെ.വി. വിജയദാസ്** | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) പാട്ടക്കരാർ ലംഘിച്ചതുൾപ്പെടെയുള്ള നെല്ലിയാമ്പതിയിലെ വനഭൂമിയും തോട്ടങ്ങളും വീണ്ടെടുക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) നെല്ലിയാമ്പതിയിൽ പാട്ടക്കരാർ ലംഘനത്തെത്തുടർന്ന് 6 എസ്റ്റേറ്റുകളുടെ (ബിയാട്രീസ്, മീരാഫ്ലോറസ് - 5 എണ്ണം) പാട്ടം റദ്ദുചെയ്ത് സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുണ്ട്. പാട്ടകാലാവധി കഴിഞ്ഞതിനെത്തുടർന്ന് 3 എസ്റ്റേറ്റുകളും (റോസറി, ക്ലിഫ് വ്യൂ, ഉത്തമ്പാറ) ഇ.എഫ്.എൽ ആയി നോട്ടിഫൈ ചെയ്ത 2 എസ്റ്റേറ്റുകളും (ക്ലിഫ് വ്യൂ, ചെറുനെല്ലി അപ്പർ) ഇതിനകം സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ ചെറുനെല്ലി, രാജാക്കാട്, മോങ്ക് വുഡ്, കാരപ്പാറ-എ, കാരപ്പാറ-ബി, എന്നീ 5 എസ്റ്റേറ്റുകളുടെ പാട്ടം റദ്ദുചെയ്ത് സർക്കാരിലേയ്ക്ക് ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ടെങ്കിലും, ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ സ്റ്റേ നിലവിലുള്ളതിനാൽ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. സ്റ്റേ നീക്കം ചെയ്തുകിട്ടുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. പാട്ടക്കരാർ ലംഘനം കണ്ടെത്തിയ അലക്സാണ്ട്രിയ എസ്റ്റേറ്റ് - എ (8 എണ്ണം) അലക്സാണ്ട്രിയ എസ്റ്റേറ്റ് - ബി (6 എണ്ണം), ബ്രൂക്ക് ലാന്റ്, മണലാരു എസ്റ്റേറ്റ് (7 എണ്ണം), ചന്ദ്രാമല എസ്റ്റേറ്റ് (6 എണ്ണം), ബിയാട്രീസ് എന്നീ 29 എസ്റ്റേറ്റുകളുടെ പാട്ടം റദ്ദ ചെയ്യുന്നതിനും സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

..............2)

| | |
|---|---|
| (ബി) നെല്ലിയാമ്പതിയിൽ വനഭൂമിയോ തോട്ടങ്ങളോ അല്ലാതെ സ്വകാര്യ തോട്ടങ്ങളോ സ്വകാര്യഭൂമിയോ നിലവിലുണ്ടോ; | (ബി) ഉണ്ട്. |
| (സി) 1863 മുതൽ വിവിധ തീയതികളിൽ നെല്ലിയാമ്പതിയിലെ ഭൂമി പാട്ടത്തിന് നൽകിയതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും തെളിവുകളും സുപ്രീം കോടതി വിധികളും മറ്റ് രേഖകളും കൈവശമുണ്ടോ; | (സി) നെല്ലിയാമ്പതിയിൽ പാട്ടത്തിനു നൽകപ്പെട്ട, വനം വകുപ്പുമായി ബന്ധപ്പെട്ട എസ്റ്റേറ്റുകളുടെ പാട്ടക്കരാറുകളും ഇതുമായി ബന്ധപ്പെട്ട സുപ്രീം കോടതി, ഹൈക്കോടതി വിധികളും വനം വകുപ്പിന്റെ കൈവശം ഉണ്ട്. |
| (ഡി) പാട്ടത്തിനെടുത്ത വനഭൂമി കാലാവധി കഴിയുന്ന മുറയ്ക്ക് തിരിച്ചേൽപ്പിക്കാൻ പാട്ടത്തിനെടുത്തവർ നിയമപരമായി ബാധ്യസ്ഥരാണോ; തിരിച്ചേൽപ്പിച്ചില്ലെങ്കിൽ ആയത് തിരിച്ചു പിടിക്കാൻ ബാധ്യതയില്ലേ എന്നു വെളിപ്പെടുത്താമോ; | (ഡി) ബാധ്യസ്ഥരാണ്. കാലാവധി കഴിയുന്ന മുറയ്ക്ക് പാട്ടഭൂമി പാട്ടക്കരാർ വ്യവസ്ഥകൾക്കും, നിലവിലുള്ള നിയമങ്ങൾക്കും വിധേയമായി സർക്കാരിലേയ്ക്ക് ഏറ്റെടുത്തുവരുന്നുണ്ട്. |
| (ഇ) എങ്കിൽ തോട്ടങ്ങൾ സംബന്ധിച്ച കേസുകളിൽ സർക്കാർ ഭാഗം തോറ്റുകൊണ്ടിരിക്കുന്നതായ ആക്ഷേപം എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ? | (ഇ) നെല്ലിയാമ്പതിയിൽ സർക്കാർ പാട്ടത്തിനു നൽകിയ എസ്റ്റേറ്റുകളുമായി ബന്ധപ്പെട്ട കേസുകളിൽ സർക്കാർ താല്പര്യം പൂർണ്ണമായും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളാണ് വനം വകുപ്പ് കൈക്കൊണ്ടുവരുന്നത്. |

Ajith B

സെക്ഷൻ ഓഫീസർ